LIBRARY ARCHIVES Kerala Legislative Assembly

പാവപ്പെട്ടവർക്കുവേണ്ടിയുള്ള പാർപ്പിട പദ്ധതി

155 (162) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാർപ്പിടമില്ലാത്ത പാവപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിനുള്ള പദ്ധതി മുൻനിർത്തി 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വഴി പെട്രോൾ, ഡീസൽ എന്നിവയുടെ മേൽ ഒരു ശതമാനം അധിക വില്പന നികുതി ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നുവോ ; എങ്കിൽ പ്രസ്തുത ഇനത്തിൽ 2015-16 വർഷത്തിൽ ഇതിനകം ലഭിച്ച മൊത്തം വരുമാനം എത്ര കോടിയാണ് ;

(ബി) ഈ വരുമാനം ഉപയോഗിച്ചുകൊണ്ട്, പാർപ്പിടം ഇല്ലാത്ത എത്ര പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട് ; ഇതിനായുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയത് ഏത് തീയതിയിലായിരുന്നു ; പ്രസ്തുത പദ്ധതിക്കായി ധനകാര്യ വകുപ്പിൽ നിന്നും അനുവദിച്ചു കൊടുത്ത തുക എത്ര ; പിൻവലിച്ച തുക എത്ര ?

ഉത്തരം

(എ) ഏർപ്പെടുത്തിയിട്ടുണ്ട്. 30-6-2015- ലെ ജി.ഒ. (എംഎസ്.) നമ്പർ 112/15/ TD ഉത്തരവ് പ്രകാരം അധിക വിൽപന നികുതിയുടെ 50 % കേരള റോഡ് ഫണ്ട് ബോർഡിനായി വിനിയോഗിക്കുവാൻ ഉത്തരവായിട്ടുണ്ട്. 31-10-2015-വരെ 254.44 കോടി രൂപ വരുമാനം ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ട്. ബാക്കി 50% വിനിയോഗിച്ച് പാവപ്പെട്ടവർക്ക് വീട് വയ്ക്കുന്ന പദ്ധതിക്ക് രൂപം കൊടുത്തു വരുന്നു.

(ബി) ഈ പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കേരള ഹൗസിലെ ബീഫ് പരിശോധന

156 (163) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ ഹൗസിൽ ഡൽഹി പോലീസ് നടത്തിയ ബീഫ് വേട്ട നിയമ വ്യവസ്ഥകളെ വെല്ലുവിളിക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഷെഡ്യൂൾ 2(എ) വിഭാഗത്തിലുള്ള കന്നുകാലികളുടെ മാംസം ഉണ്ടോയെന്ന് പരിശോധിക്കാനാണ് കേരള ഹൗസ് കോമ്പൗണ്ടിൽ നോട്ടീസ് നൽകാതെ ഡൽഹി പോലീസ് പ്രവേശിച്ചതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;